A

വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

505

# പാദവാർഷികമൂല്യ നിർണയം 2017–18

സ്റ്റാന്റേർഡ് – 5 | സാമൂഹ്യശാസ്ത്രം | സമയം 2 മണിക്കൂർ

## നിർദേശങ്ങൾ

1 മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസസമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.

2 ഏതെങ്കിലും 6 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതണം

### പ്രവർത്തനം 1

പ്രാചീനകാലം മുതൽതന്നെ മനുഷ്യൻ ആയുധങ്ങൾ ഉപയോഗിച്ചിരുന്നു.ആഹാര സമ്പാദനത്തിനും മൃഗങ്ങളിൽ നിന്ന് രക്ഷനേടുന്നതിനും മനുഷ്യന് ഉപകരണങ്ങളും ആയുധങ്ങളും ആവശ്യമാണ്.



1. മുകളിൽ തന്നിരിക്കുന്ന ചിത്രം നിരീക്ഷിച്ച് ഇത് ഏതു യുഗവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് രേഖപ്പെടുത്തുക?
2. ഏതു കാലഘട്ടം എന്ന് കണ്ടെത്തുന്നതിന് ഈ ചിത്രം നിങ്ങളെ എങ്ങനെ സഹായിച്ചു?
3. താഴെ തന്നിരിക്കുന്ന പട്ടിക നിരീക്ഷിക്കൂ. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേകതകൾ ഏത് യുഗവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് രേഖപ്പെടുത്തുക?

| ക്രമ നമ്പർ | പ്രത്യേകതകൾ | യുഗം |
|---|---|---|
| 1 | തീ ഉപയോഗിക്കാൻ തുടങ്ങി | ________ |
| 2 | കൃഷി ആരംഭിച്ചു | ________ |
| 3 | സമൂഹ ജീവിതം ആരംഭിച്ചു | ________ |

### പ്രവർത്തനം 2

1. താഴെ തന്നിരിക്കുന്ന ചുമർ പത്രിക പൂർത്തിയാക്കാമോ ?

ചുമർ പത്രിക

| | ചരിത്രശേഷിപ്പുകളുടെ ചിത്രം | പേര് |
|---|---|---|
| എ |  | |
| ബി |  | |

2. മുകളിൽ കൊടുത്തിരിക്കുന്ന സ്മാരകങ്ങൾ രണ്ടും എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?

3. ഇത്തരം ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത എന്താണെന്ന് വിശദീകരിക്കുക?

**പ്രവർത്തനം 3**

ഗോപിയുടെ അച്ഛൻ ഒരു കൃഷിക്കാരനാണ്. അമ്മ അംഗൻവാടിയിലാണ് ജോലി ചെയ്യുന്നത്. കോളേജിൽ പഠിക്കുകയാണ് ഗോപിയുടെ ചേട്ടൻ. പഠനത്തോടൊപ്പം ചേട്ടൻ പത്രവിതരണവും നടത്തുന്നു. ഇതുപോലെയുള്ള വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നതു വഴിയാണ് കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്നത്.

1. താഴെ തന്നിരിക്കുന്ന കളങ്ങളിൽ മറ്റുവരുമാനസ്രോതസ്സുകൾ കൂടി ചേർക്കുക.

| | | |
|---|---|---|
| ശമ്പളം | | |

2. സ്കൂളിൽ പോകും വഴി അപകടത്തിൽപെട്ട നിഷ ആദ്യം ആവശ്യപ്പെട്ടത് വീട്ടിൽ പോകണമെന്നാണ്. ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങളും കുടുംബത്തിൽ തന്നെ എത്തിച്ചേരാൻ ആഗ്രഹിക്കുന്നു. എന്തായിരിക്കും ഇതിനു കാരണം?

**പ്രവർത്തനം 4**

ഈ വർഷത്തെ ഓണാവധി അറിയാൻ കലണ്ടർ എടുത്ത അരുണിനോട് തിരുവോണം ഏത് മലയാള മാസത്തിലാണ് എന്ന് കണ്ടെത്താൻ മുത്തശ്ശി ആവശ്യപ്പെട്ടു. അരുൺ കൊല്ലവർഷം1193 ചിങ്ങമാസം 19 എന്ന് മുത്തശ്ശിയോട് പറഞ്ഞു. കലണ്ടറിൽ കൊല്ലവർഷം പോലെ മറ്റ് വർഷ ക്രമങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവുമല്ലോ. അവയിൽ നിന്ന്

1. ഏതെങ്കിലും 2 വർഷക്രമങ്ങൾ എഴുതുക.

   എ.

   ബി.

2. ഇന്ന് ലോകത്ത് പൊതുവായി നിലവിലിരിക്കുന്ന കാലഗണനാ സമ്പ്രദായം ഏതാണ് ?
3. കാലഗണനയുമായി ബന്ധപ്പെട്ട CE, BCE ഇവ എന്താണെന്ന് വിശദീകരിക്കുക.

**പ്രവർത്തനം 5**

1. അച്ഛനും അമ്മയും മക്കളും അടുത്ത ബന്ധുക്കളും അടങ്ങുന്നതാണല്ലോ കുടുംബം. ഏങ്കിൽ ഒരു കുടുംബം രൂപീകരിക്കപ്പെടുന്നത് എങ്ങനെയെല്ലാമാവാം?

   എ. ____________

   ബി. ____________

   സി. ____________



a.



b.

2. മുകളിൽ തന്നിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഏതെല്ലാം തരത്തിലുള്ള കുടുംബങ്ങൾ ആണ് ഇവയെന്ന് വിശദീകരിക്കുക.

**പ്രവർത്തനം 6**

നദീതടങ്ങളിലാണ് വിവിധ സംസ്ക്കാരങ്ങൾ വളർന്നു വന്നത്. സിന്ധു നദീതടത്തിലാണല്ലോ ഹാരപ്പൻ സംസ്ക്കാരം വികാസംപ്രാപിച്ചത്. മികച്ച നഗരാസൂത്രണം ആയിരുന്നു ഹാരപ്പയിലേത്.

1. ആധുനിക ലോകത്തെപ്പോലും അൽഭുതപ്പെടുത്തിയ ഈ സംസ്കാരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ?
2. ക്യൂണിഫോം ലിപി രൂപംകൊണ്ടത് എവിടെ?
3. ലോക പ്രസിദ്ധമായ പിരമിഡുകൾ ഏതു സംസ്കാരത്തിന്റെ ശേഷിപ്പുകളാണ്?

**പ്രവർത്തനം 7**

ചെലവുകൾ നിയന്ത്രിക്കുന്നത് സാമ്പത്തിക സുരക്ഷിതത്വത്തിന് സഹായകരമാണ്. മൂന്നു കുടുംബങ്ങളുടെ വരവു ചെലവു കാണിക്കുന്ന പട്ടികയാണ് താഴെകൊടുത്തിരിക്കുന്നത്

| കുടുംബം | ആകെ മാസവരുമാനം | ആകെ മാസ ചെലവ് |
|---|---|---|
| കുടുംബം - 1 | 20000 | 22000 |
| കുടുംബം - 2 | 15000 | 15000 |
| കുടുംബം - 3 | 12000 | 11000 |

1. ഇതിൽ ഏതു കുടുംബത്തിനാണ് സാമ്പത്തിക സുരക്ഷിതത്വം ഉള്ളത്?
2. മിതവ്യയശീലം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
3. കുടുംബ ബഡ്ജറ്റ് തയാറാക്കുന്നതുകൊണ്ട് എന്തെല്ലാം ഗുണങ്ങൾ ഉണ്ട്? വിശദമാക്കുക?

**പ്രവർത്തനം 8**

പ്രാചീന ശിലായുഗത്തിൽ നിന്ന് ഇന്നത്തെ നിലയിലേയ്ക്കു മനുഷ്യൻ എത്തിയത് മാറ്റങ്ങളിലൂടെയാണ്

1. പ്രാചീന ശിലായുഗത്തിലേയും നവീനശിലായുഗത്തിലേയും പ്രധാന സവിശേഷതകൾ പട്ടികപ്പെടുത്തുക.

| പ്രാചീന ശിലായുഗം | നവീന ശിലായുഗം |
|---|---|
| • | • |
| • | • |
| • | • |
| • | • |

2. കല്ലുകൊണ്ടും ചെമ്പുകൊണ്ടുമുള്ള ഉപകരണങ്ങളും ആയുധങ്ങളും ഉപയോഗിച്ചിരുന്ന കാലഘട്ടം ഏത് പേരിൽ അറിയപ്പെടുന്നു.